**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3639** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഡാമുകളിൽ നിന്നും സോളാർ വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്‌റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി യുടെ കീഴിലുള്ള ഡാമുകളിലെ ജലാശയങ്ങൾ ഉപയോഗപ്പെടുത്തി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിൽ വനം വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിട്ടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്. ഇടുക്കി റിസർവോയർ, ഇടുക്കി വന്യജീവി സങ്കേതത്തിന്റെ ഭാഗമായതിനാൽ വനം വകുപ്പിതര പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രമേ കഴിയുകയുള്ളൂ എന്ന് കേരള വനം വകുപ്പിന്റെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ) അറിയിച്ചു. പ്രഗൽഭരായ ഒരു ഏജൻസിയെ കൊണ്ട് പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ) നടത്തുന്ന തിലേയ്ക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ബാണാസുരസാഗർ പദ്ധതിയ്ക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ ഒന്നാംഘട്ട അനുമതിയിൽ നിഷ്കർഷിച്ചിരുന്ന എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ട്. അന്തിമ അനുമതി വനം വകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| (ബി) | നിലവിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിൽ ബാണാസുരസാഗർ റിസർവോയറിൽ നിന്നും 500 കിലോവാട്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പഠനം പ്രാരംഭദശയിലാണ്. |

സെക്ഷൻ ഓഫീസർ